# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 20 വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ
മുഖ്യമന്ത്രി
ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി
എക്സൈസും തുറമുഖവും വകുപ്പുമന്ത്രി
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

### നികുതി പിരിവ്

*451 ശ്രീ. ആർ. സെൽവരാജ്
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കെ. സുരേഷ് കുറുപ്പ്
'' പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി പിരിവ് അതിന്റെ സാദ്ധ്യതക്കനുസൃതമായി ഇപ്പോൾ നടക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നികുതി പിരിവിന്റെ സാദ്ധ്യതയെക്കുറിച്ചും അതിലുണ്ടാകുന്ന കുറവു സംബന്ധിച്ചും നികുതി വകുപ്പ് നടത്തിയ അവലോകനത്തിന്റെയടിസ്ഥാനത്തിലുള്ള നിഗമനം വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ മാസവും നികുതിയിനത്തിൽ പിരിച്ച തുക വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ

*452 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, സണ്ണി ജോസഫ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രാർ-സബ് രജിസ്ട്രാർ ഓഫീസുകളിൽ വർഷങ്ങൾ പഴക്കമുള്ള ഭൂരേഖകളും ചരിത്ര മൂല്യമുള്ള രേഖകളും ശാസ്ത്രീയമായി സൂക്ഷിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) ഈ രേഖകൾ ഡിജിറ്റൽ ഇമേജിലേയ്ക്കുമാറ്റി സംരക്ഷിക്കാൻ പദ്ധതിയുണ്ടോ ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(ഡി) എന്തു തുക ചെലവാകും എന്നാണ് കണക്കാക്കിയിട്ടുള്ളത് ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

കണ്ണൂർ വിമാനത്താവളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ

*453 ശ്രീ. കെ.കെ.നാരായണൻ
'' ഇ.പി.ജയരാജൻ
ശ്രീമതി കെ.കെ.ലതിക
ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്തൊക്കെയാണ് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട് ; അവശേഷിക്കുന്ന ലാന്റ് അക്വസിഷൻ, ഈ ഇനത്തിലെ കടം, പലിശ, അടിസ്ഥാന സൗകര്യ പദ്ധതികൾ ഇവയ്ക്കെല്ലാം കൂടി മൊത്തം എത്ര കോടി രൂപ ആവശ്യമായിരിക്കുന്നു ;

(സി) എന്തു തുക ഈ ഇനത്തിൽ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; എയർപോർട്ടിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ ഇതിനകം എയർപോർട്ട് കമ്പനിക്ക് എന്തു തുക നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

ജി. എസ്. ടി.

*454 ശ്രീ. സാജു പോൾ
'' കെ. രാധാകൃഷ്ണൻ
,, എസ്. രാജേന്ദ്രൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി. എസ്. ടി. സമ്പ്രദായം നടപ്പിലാക്കുന്നതോടെ അവശ്യസാധനങ്ങളുടെ വിലനിലവാരത്തിലുണ്ടായേക്കാവുന്ന മാറ്റങ്ങൾ എന്തെല്ലാമാണ്;

(ബി) കയറ്റുമതി ചെയ്യുന്ന ഉല്പന്നങ്ങളെ പ്രസ്തുത നികുതി സമ്പ്രദായം എങ്ങനെ ബാധിക്കുമെന്ന് പറയാമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>ലോട്ടറി സമ്മാനഘടന</u>

*455 ശ്രീ. വർക്കല കഹാർ
'' റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോട്ടറി സമ്മാനഘടനയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതു തരത്തിലുള്ള മാറ്റമാണ് വരുത്താൻ ഉദ്ദേശിക്കുന്നത്;

(സി) വലിയ സമ്മാന തുകകൾ പ്രഖ്യാപിക്കാതെ കൂടുതൽപേർക്ക് കൂടുതൽ സമ്മാനം ലഭിക്കുന്ന വിധത്തിൽ സമ്മാനഘടനയിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ;

(ഡി) ഇതു നടപ്പാക്കുന്നതിനു മുമ്പ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>അനധികൃത രജിസ്ട്രേഷൻ</u>

*456 ശ്രീ. വി. ചെന്താമരാക്ഷൻ
'' എം. ചന്ദ്രൻ
,, കെ. കെ. ജയചന്ദ്രൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമി കൈമാറ്റം രജിസ്റ്റർ ചെയ്യുന്ന ഘട്ടത്തിൽ അതിൽ മിച്ചഭൂമി ഇല്ലെന്നുറപ്പാക്കാൻ സംവിധാനം നിലവിൽ ഉണ്ടോ ; വിശദമാക്കാമോ ;

(ബി) മിച്ചഭൂമി അനധികൃതമായി രജിസ്റ്റർ ചെയ്തു കൊടുക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ ;

(സി) അട്ടപ്പാടിയിൽ ഇത്തരത്തിലുള്ള എത്ര രജിസ്ട്രേഷനുകൾ നടന്നിട്ടുണ്ട് ;

(ഡി) അനധികൃത രജിസ്ട്രേഷൻ നടക്കുന്നില്ലെന്നുറപ്പാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>പ്രമാണങ്ങളുടെ ശാസ്ത്രീയ സംരക്ഷണം</u>

*457 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ പ്രമാണങ്ങൾ ശാസ്ത്രീയമായി സൂക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുന്നത് തടയാൻ നടപടി

*458 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഗോഡൗണുകളിൽ നിന്ന് റേഷൻ സാധനങ്ങൾ കാർഡുടമകൾക്ക് ലഭിക്കുന്നതു വരെയുള്ള വിവിധ തലങ്ങളിൽ ഉണ്ടാകുന്ന ക്രമക്കേടുകൾക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>ചെക്ക് പോസ്റ്റുകളിലെ എസ്. എം. എസ്. അലർട്ട് സംവിധാനം</u>

*459 ശ്രീ. കെ. അച്ചുതൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജപേരിലുള്ള ചരക്ക് കൈമാറ്റം തടയാൻ എന്തെല്ലാം നടപടികളാണ് ചെക്ക് പോസ്റ്റുകളിൽ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്;

(ബി) ആയതിലേയ്ക്ക് എസ്. എം. എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തന രീതി എങ്ങനെ ആയിരിക്കണമെന്നാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

നീതിന്യായ സംവിധാനം

*460 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍
'' മഞ്ഞളാംകുഴി അലി
,, കെ.എം. ഷാജി
,, അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവന നിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാധാരണ ജനങ്ങള്‍ക്ക് ചെലവ് കുറഞ്ഞ രീതിയിലും, വേഗത്തിലും നീതി ലഭിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് പുതുതായി സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലെ നീതിന്യായ സംവിധാനത്തില്‍ എന്തെങ്കിലും പരിഷ്ക്കരണ നടപടികള്‍ ഇതിനായി ഉദ്ദേശിക്കുന്നുണ്ടോ ; എങ്കില്‍ വിശദമാക്കുമോ ;

(സി) നീതിതേടി കോടതികളെ സമീപിക്കുന്നവര്‍ക്ക് നീതിക്കായി വളരെനാള്‍ കാത്തിരിക്കേണ്ടിവരുന്ന അവസ്ഥ ഒഴിവാക്കാന്‍ എന്തെങ്കിലും പുതിയ നടപടികള്‍ പരിഗണനയിലുണ്ടോ ;

(ഡി) ഹൈക്കോടതിയിലും, മറ്റ് സബോര്‍ഡിനേറ്റ് കോടതികളിലും തീര്‍പ്പാകാതെ അവശേഷിക്കുന്ന കിടപ്പുള്ള കേസുകളില്‍ വേഗത്തില്‍ തീര്‍പ്പുണ്ടാക്കുന്നതിന് ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ ;

(ഇ) നീതിതേടി ജനങ്ങള്‍ കോടതികളെ സമീപിക്കാന്‍ നിര്‍ബന്ധിതരാക്കുന്ന സാഹചര്യത്തില്‍ ഭരണതലത്തില്‍ പരിഷ്ക്കാരങ്ങള്‍ വരുത്തേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ ;വിശദമാക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>ഫ്ളാറ്റുകളുടെ രജിസ്ട്രേഷൻ</u>

*461 ശ്രീ. എ. റ്റി. ജോർജ്
'' ജോസഫ് വാഴക്കൻ
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബഹുഭൂരിപക്ഷം ഫ്ളാറ്റുകളും വില കുറച്ചാണ് രജിസ്റ്റർ ചെയ്യുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരേ തരം ഫ്ളാറ്റുകൾ വ്യത്യസ്ത വിലയ്ക്ക് രജിസ്റ്റർ ചെയ്തുവരുന്ന വിവരം പരിശോധിച്ചിട്ടുണ്ടോ;

(സി) ഫ്ളാറ്റുകൾക്ക് ന്യായവില നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഫ്ളാറ്റ് നിർമ്മാണത്തിന് ഭൂഉടമയുമായി ഉടമ്പടി രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 20.10.2011-ലെ മറുപടിക്ക്

റേഷന്‍ കടകളിലൂടെ പയറുവര്‍ഗ്ഗങ്ങളും സുഗന്ധ വ്യഞ്ജനങ്ങളും

*462 ശ്രീ. സി. ദിവാകരന്‍
,, വി. ശശി
,, കെ. രാജു
,, ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റേഷന്‍ കടകളിലൂടെ പയറുവര്‍ഗ്ഗങ്ങളും സുഗന്ധവ്യഞ്ജനങ്ങളും വിതരണം ചെയ്യുന്നതിനായി കേന്ദ്ര സര്‍ക്കാരിന് പദ്ധതി സമര്‍പ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ എന്നാണ് ;

(ബി) ഈ പദ്ധതിക്ക് എത്ര രൂപയുടെ കേന്ദ്രസഹായമാണ് ആവശ്യപ്പെട്ടിരുന്നത്; പ്രസ്തുത സഹായം അനുവദിച്ചിട്ടുണ്ടോ;ഇല്ലെങ്കില്‍ ആയത് നല്‍കാന്‍ കഴിയില്ലെന്നുളള വിവരം ലഭിച്ചിട്ടുണ്ടോ; എങ്കില്‍ ഈ പദ്ധതിക്ക് അംഗീകാരം ലഭിക്കാതിരുന്നതിനുളള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ഭക്ഷ്യ ഗോഡൗണുകളിൽ കീടനാശിനി പ്രയോഗം</u>

*463 ശ്രീ. എസ്. ശർമ്മ
'' കെ.കെ. ജയചന്ദ്രൻ
,, ബി. സത്യൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ തുടങ്ങിയ ഗോഡൗണുകളിൽ ഭക്ഷ്യവസ്തുക്കൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കീടനാശിനികൾ പ്രയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മാരകമായ കീടനാശിനികൾ നിശ്ചിത അളവിൽ കവിഞ്ഞ് പ്രയോഗിക്കുന്നതിലൂടെയുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

എയർ ഇന്ത്യാ സർവ്വീസുകൾ

*464 ശ്രീ. കെ.വി. അബ്ദുൾ ഖാദർ
'' ഇ.പി. ജയരാജൻ
,, പി.റ്റി.എ. റഹീം
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയർ ഇന്ത്യയുടെ അലംഭാവം മൂലം ഗൾഫ് മലയാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുന്നറിയിപ്പില്ലാതെ സർവ്വീസ് റദ്ദാക്കുന്നതു മൂലം അവധി കാലാവധി തീരുന്നതിന് മുമ്പായി ജോലിയിൽ പ്രവേശിക്കാൻ കഴിയാതെ വരുന്നതിനാൽ ജോലി നഷ്ടപ്പെടുന്നവർക്ക് തക്കതായ നഷ്ടപരിഹാരം നൽകാൻ വ്യോമയാന വകുപ്പിനോട് ആവശ്യപ്പെടുമോ ;

(സി) സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനും സർവ്വീസുകൾ മുന്നറിയിപ്പില്ലാതെ റദ്ദാക്കുന്നത് ഒഴിവാക്കുന്നതിനും അന്യായമായി യാത്രാക്കൂലി ഈടാക്കുന്നത് അവസാനിപ്പിക്കുന്നതിനും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ബജറ്റ് എയർലൈൻസ് സർവ്വീസ്</u>

*465 ശ്രീ. വി. ഡി. സതീശൻ
'' വി. പി. സജീന്ദ്രൻ
,, ജോസഫ് വാഴക്കൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയർപോർട്ടുകളെ ബന്ധപ്പെടുത്തി ബജറ്റ് എയർലൈൻസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ ഡി. ജി. സി.എ ഉദ്യോഗസ്ഥരുമായി യോഗം വിളിച്ചുചേർത്തിരുന്നുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ബജറ്റ് എയർലൈൻസ് ലാഭകരമായി സർവ്വീസു നടത്തുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ഫ്ളാറ്റുകൾക്കു ന്യായവില</u>

*466 ശ്രീ. പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്ളാറ്റുകൾ ന്യായവില നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ .

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) ഫ്ളാറ്റ് നിർമ്മാണത്തിന് ഭൂവുടമയുമായുള്ള ഉടമ്പടി രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) വൻകിട ഭൂമി ഇടപാടുകളിലെ രജിസ്ട്രേഷൻ തട്ടിപ്പും ഭൂമി വില കുറച്ചു കാട്ടുന്നതും തടയാൻ കർശന നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

ഗുണ്ടാസംഘങ്ങളും ക്വട്ടേഷന്‍ ക്രിമിനലുകളും

*467 ശ്രീ. ബാബു എം. പാലിശ്ശേരി
'' എ. കെ. ബാലന്‍
,, കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗുണ്ടാസംഘങ്ങളും ക്വട്ടേഷന്‍ ക്രിമിനലുകളും സംസ്ഥാനത്ത് അതിക്രമം നടത്തിവരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ ദിവസം തലസ്ഥാന ജില്ലയില്‍ മൂന്നുപേര്‍ നിര്‍ദ്ദയം വെട്ടിക്കൊലചെയ്യപ്പെട്ടത് അറിവുണ്ടോ ;

(സി) ജനങ്ങളുടെ സൈ്വരജീവിതവും സമാധാനവും തകര്‍ത്തുകൊണ്ട് ഗുണ്ടാസംഘങ്ങള്‍ പരസ്പരവും, ജനങ്ങളോടും ഏറ്റുമുട്ടുമ്പോള്‍ പോലീസ് നിസ്സംഗരായി നോക്കി നില്ക്കുന്നതായ ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഗുണ്ടാസംഘങ്ങളുടെ മേല്‍ പോലീസിന് കര്‍ശന നടപടി സ്വീകരിക്കാന്‍ കഴിയാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിക്കാന്‍ തയ്യാറാകുമോ ;

(ഇ) മുഖംനോക്കാതെ നടപടി സ്വീകരിക്കാന്‍ പോലീസിന് നിര്‍ദ്ദേശം നല്‍കാന്‍ തയ്യാറാകുമോ ;

(എഫ്) മുന്‍സര്‍ക്കാര്‍ ഗുണ്ടാ ആക്ട് പ്രകാരം തടവിലാക്കിയ എത്ര ഗുണ്ടകള്‍ ഈ സര്‍ക്കാരിന്റെ കാലത്ത് ജയിലില്‍ നിന്ന് പുറത്തുകടന്നിട്ടുണ്ട് ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ഇൻലാൻഡ് വെസ്സൽ റൂൾസ്</u>

*468 ശ്രീ. ഷാഫി പറമ്പിൽ
'' എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻലാൻഡ് വെസ്സൽ റൂൾസിന്റെ നടത്തിപ്പ് ഏത് വകുപ്പിനാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ചട്ടപ്രകാരമുള്ള നടപടികൾ ഇപ്പോൾ സംസ്ഥാനത്ത് സ്വീകരിച്ചു വരുന്നുണ്ടോ;

(സി) പ്രസ്തുത ചട്ടത്തിൽ നിഷ്ക്കർഷിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ ബന്ധപ്പെട്ടവരുടെ പ്രതിനിധികൾ അടങ്ങുന്ന ഒരു ഉന്നതതല സമിതിക്ക് രൂപം നൽകുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>സ്ത്രീപീഡനം</u>

*469 ശ്രീ. കെ. ശിവദാസൻ നായർ
'' പാലോട് രവി
,, പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീപീഡനം നിയന്ത്രിക്കുന്നതിനുള്ള കർമ്മപദ്ധതികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) കർശന പദ്ധതികൾ രൂപീകരിക്കുന്നതിനായി വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആന്ധ്രാപ്രദേശിൽ നടപ്പാക്കിയിട്ടുള്ള നിയമങ്ങളുടെ മാതൃകയിൽ നിയമനിർമ്മാണം നടത്തുവാൻ തയ്യാറാകുമോ;

(ഡി) അതിനായി ഏതെങ്കിലും തലത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>തീരദേശ മേഖലയിലെ സമഗ്ര വികസനം</u>

*470 ഡോ. കെ. ടി. ജലീൽ
ശ്രീ. എളമരം കരീം
,, എ. പ്രദീപ്കുമാർ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയുടെ സമഗ്ര വികസന പരിപാടിയുടെ നടത്തിപ്പ് സംബന്ധിച്ച് വിശദമാക്കാമോ; കേന്ദ്രസഹായ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പരിപാടി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ ഇതുവരെയുള്ള പ്രവർത്തനം വിശദമാക്കാമോ; എന്തു തുക വകയിരുത്തിയിട്ടുണ്ട്; ഇതിനകം ചെലവായ തുക എത്ര;

(സി) തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തന സംവിധാനങ്ങൾ എന്തൊക്കെയാണ്; ബോർഡ് യോഗം ഏറ്റവും ഒടുവിൽ ചേർന്നത് എന്നാണ്; കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിന് പുതുതായി തയ്യാറാക്കപ്പെട്ട പദ്ധതികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

കോസ്റ്റൽ റഗുലേഷൻ സോൺ വ്യവസ്ഥകൾ

*471 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ എൺവറോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട്, 1986-ൽ പറയുന്ന കോസ്റ്റൽ റഗുലേഷൻ സോൺ വ്യവസ്ഥകൾ അനുസരിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നിബന്ധനകളിൽ നിന്നും കേരളത്തെ പ്രത്യേകമായി എന്തെങ്കിലും കാര്യങ്ങളിൽ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം;

(ബി) 2011 ജനുവരി 6-ാം തീയതി കേന്ദ്ര പരിസ്ഥിതിയും വനവും മന്ത്രികാര്യാലയം പുറപ്പെടുവിച്ച സി. ആർ. ഇസ്സഡ് നിബന്ധനകൾ അനുസരിച്ച് കേരളത്തിലെ കടലോര പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യതൊഴിലാളികൾക്കും മറ്റു തദ്ദേശവാസികൾക്കും വീടുകൾ പണിയുന്നതിന് തടസ്സം നിൽക്കുന്ന എന്തെങ്കിലും നിബന്ധനകൾ/ചട്ടങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാം;

(സി) എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിൽപ്പെട്ടതും കടലിൽ നിന്നും 50 മീറ്റർ മാറിയുള്ളതുമായ പ്രദേശങ്ങളിൽ പുതുതായി വീടു പണിയുന്നതിന് അനുമതി നൽകുന്നതിൽ പഞ്ചായത്തിനെ വിലക്കുന്നതുമായ എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ; എങ്കിൽ അവ വ്യക്തമാക്കുമോ;

(ഡി) അപ്രകാരം വിലക്കുകൾ ഇല്ലെങ്കിൽ ചെല്ലാനം പഞ്ചായത്തിൽ പുതുതായി കെട്ടിടനിർമ്മാണത്തിന് ലഭിച്ച അപേക്ഷകളിന്മേൽ എത്രയും വേഗം അനുമതി നൽകുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കണ്‍സ്യൂമര്‍ അവയര്‍നെസ്സ് സെല്ലിന്റെ പ്രവര്‍ത്തനം</u>

*472 ശ്രീ. സണ്ണി ജോസഫ്
'' ബെന്നി ബെഹനാന്‍
,, പാലോട് രവി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് ബോധവല്‍ക്കരിക്കുന്നതിന് സിവില്‍ സപ്ലൈസ് വകുപ്പ് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിവരുന്നത് ;

(ബി) അതിനായി രൂപീകരിച്ചിട്ടുള്ള കണ്‍സ്യൂമര്‍ അവയര്‍നെസ്സ് സെല്ലിന്റെ പ്രവര്‍ത്തനം വേണ്ടത്ര കാര്യക്ഷമമല്ല എന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) എങ്കില്‍ അതിന്റെ പ്രവര്‍ത്തനം ശക്തിപ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ ;

(ഡി) വിദ്യാലയങ്ങള്‍ കേന്ദ്രീകരിച്ചുള്ള കണ്‍സ്യൂമര്‍ ക്ലബ്ബുകളുടെ പ്രവര്‍ത്തനം മെച്ചപ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മാരിടൈം ബോർഡ് ആരംഭിക്കാൻ നടപടി</u>

*473 ശ്രീ. വി. റ്റി. ബൽറാം
,, വർക്കല കഹാർ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാരിടൈം ബോർഡ് ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

## <u>കേരള ഇൻലാന്റ് വെസ്സൽ റൂൾസ്</u>

*474 ശ്രീ. ലൂഡി ലൂയിസ്
'' കെ. ശിവദാസൻ നായർ
,, പി.എ. മാധവൻ
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളിൽ അപകടങ്ങൾ ഉണ്ടാകാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ചുള്ള 'കേരള ഇൻലാന്റ് വെസ്സൽ റൂൾസ്'' പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ജലാശയങ്ങളിൽ അപകടങ്ങൾ ഉണ്ടാകാതിരിക്കുവാൻ ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

ക്രൈം ബ്രാഞ്ച് നവീകരണം

*475 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
'' പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനം നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനം സമൂലമായി പരിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ക്രൈം ബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേകം പരിശീലനം നൽകുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ബോട്ടു സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടി</u>

*476 ശ്രീ. ജോസഫ് വാഴക്കൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബോട്ടു സുരക്ഷ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) സുരക്ഷ ഉറപ്പാക്കുവാൻ എല്ലാ വർഷവും ബോട്ടുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാറുണ്ടോ ; എങ്കിൽ ഏത് ഏജൻസിയാണ് ഇതു നൽകുന്നത് ;

(സി) ശാസ്ത്രീയമായ സുരക്ഷാസംവിധാനങ്ങൾ നിർമ്മാണ ഘട്ടത്തിൽ ഒരുക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ജലാശയങ്ങളിലെ അപകടങ്ങളിൽ നിന്ന് രക്ഷനേടാൻ മുൻകരുതലുകൾ</u>

*477 ശ്രീ. ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ
,, എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലയാനങ്ങളിലെ ജീവനക്കാർ/ഡ്രൈവേഴ്സ് എന്നിവർക്ക് സർക്കാർ തലത്തിൽ പരിശീലനം നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ജലാശയങ്ങളിലെ അപകടങ്ങളിൽ നിന്ന് രക്ഷ നേടാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

മാതൃകാ മത്സ്യഗ്രാമം

*478 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവൃത്തികള്‍ക്ക് തുടക്കം കുറിക്കാനാണ് സര്‍ക്കാര്‍ ഉദ്ദേശിക്കുന്നത്;

(ബി) പദ്ധതിയുടെ ആക്ഷന്‍ പ്ലാന്‍ പൂര്‍ത്തിയായിട്ടുണ്ടോ; എങ്കില്‍ ഇപ്പോള്‍ ഏതു ഘട്ടത്തിലാണ്;

(സി) മത്സ്യാധിഷ്ഠിത ഭക്ഷ്യസംസ്കരണവുമായി ബന്ധപ്പെട്ട് ഇവിടെ ചെറുകിട വ്യവസായങ്ങള്‍ ആരംഭിക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതോടെ തീരപ്രദേശത്ത് എന്തൊക്കെ പുതിയ മാറ്റങ്ങള്‍ക്ക് വഴിതുറക്കുമെന്ന് പ്രതീക്ഷിക്കുന്നു;

(ഇ) പദ്ധതിക്കായി എത്ര തുക വിനിയോഗിക്കും; ഇതിന് കേന്ദ്രസഹായം ലഭ്യമാകുമോ; വിശദാംശങ്ങള്‍ അറിയിക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ശമ്പള പരിഷ്കരണ അപകാതകൾ</u>

*479 ശ്രീ. തോമസ് ഉണ്ണിയാടൻ
'' റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്ക്കരണ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>റേഷൻ വിഹിതം</u>

*480 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലുടെ വിതരണം ചെയ്യുന്ന അരിയും ഗോതമ്പും കാർഡുടമകൾക്ക് അനുവദിച്ച വിഹിതത്തേക്കാൾ കുറഞ്ഞതോതിലാണ് ഷോപ്പുടമകൾ നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും സൗജന്യ റേഷനരി ലഭിക്കാൻ അർഹതപ്പെട്ടവർക്കും അളവിൽ കുറവുവരുത്തി നല്കുകയോ നൽകാതിരിക്കുകയോ ചെയ്യുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അതു പരിഹരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 11.